സി1/222/റ്റിസി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
തിരുവനന്തപുരം
തീയതി: -31.12.2020

**സർക്കുലർ നമ്പർ 20/2020**

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – അപേക്ഷകളോടൊപ്പം സ്റ്റാമ്പ് പതിച്ച് മേൽവിലാസമെഴുതിയ കവർ - സർക്കാരിന്റെ സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ (Ease of Doing Govt. Business) ഭാഗമായി - ഒഴിവാക്കുന്നതും പകരം സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് – സർക്കുലർ നമ്പർ 27/2008 പരിഷ്കരിക്കുന്നതു സംബന്ധിച്ച്.

സൂചന :- 1. 12/08/2020 3.00 pm ന ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ
2. സർക്കുലർ നമ്പർ 27/2008

സൂചന ഒന്ന് പ്രകാരം ചേർന്ന യോഗത്തിൽ സർക്കാർ സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും അപേക്ഷകരെ ആഫീസിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കി പൂർണ്ണമായും ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതോടനുബന്ധിച്ച് മോട്ടോർ വാഹന വകുപ്പിലെ ഏതാനും സേവനങ്ങൾ പൂർണ്ണമായി ഓൺലൈൻ ആയി നടപ്പിൽ വരുത്തികൊണ്ട് സർക്കുലർ നമ്പർ 14/2020, 19/2020 എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്.

വാഹന രജിസ്ട്രേഷനും ലൈസൻസിനും നൽകിയിട്ടുള്ള മേൽവിലാസത്തിന്റെ നിജസ്ഥിതി ബോധ്യപെടുന്നതിനും, മേൽവിലാസത്തിലുള്ള മാറ്റം യഥാവിധി രേഖപ്പെടുത്താവുന്നുള്ള ഉടമകളുടെ വിമുഖത പലവിധ സാങ്കേതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനും, ഈ വിമുഖത ദുരുപയോഗപ്പെടുത്തി വാഹനങ്ങൾ പലവിധ വിധ്വംസക നിയമ വിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നത് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടുകൂടി സൂചന രണ്ട പ്രകാരം ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ

ഉടമയുടെ മേൽവിലാസത്തിൽ സ്പീഡ് പോസ്റ്റ് ആയി അയക്കുന്ന സംവിധാനം 2008 മുതൽ നടപ്പിൽ വരുത്തിയിരുന്നു.

നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം രേഖകൾ തിരികെ അയയ്ക്കാനായി മേൽവിലാസം എഴുതി സ്പീഡ് പോസ്റ്റിനാവശ്യമായ സ്റ്റാമ്പ് ഒട്ടിച്ച കവർ അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് പ്രസ്തുത സർക്കുലർ 27/2008 നിഷ്ക്കർഷിച്ചിരുന്നു. സ്റ്റാമ്പ് ഒട്ടിച്ച കവർ ഹാജരാക്കുക എന്നുള്ളത് നിലവിലെ സാഹചര്യത്തിൽ പ്രയോഗികമല്ലാത്തതിനാലും പൂർണമായും ഓൺലൈൻ സേവനം എന്നുള്ള കാഴ്ചപ്പാടുമായി യോജിക്കാത്തതിനാലും സർക്കുലർ 27/2008 ലെ 4,5,6 ഖണ്ഡികളിലെ നിർദേശങ്ങൾ റദ്ദ ചെയ്യുന്നു. അതിനുപകരമായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

4. നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം രേഖകൾ തിരികെ അയച്ച നൽകുന്നതിനാവശ്യമായ കവർ, സെൻട്രലൈസ്ഡ് പ്രിന്റിംഗ് യാഥാർത്ഥ്യമാകുന്നതു വരെ, സ്റ്റേഷണറി ഡിപ്പാർട്ട്മെന്റിൽ നിന്നോ ലോക്കൽ പർച്ചേസ് മുഖാന്തിരമോ ഓഫീസ് മേധാവി ലഭ്യമാക്കേണ്ടതാണ്.

5. സ്പീഡ് പോസ്റ്റിനായുള്ള തുക സാരഥി, വാഹൻ സോഫ്റ്റ്വെയറിൽ സ്വീകരിക്കുവാനുള്ള നടപടികൾ ഏർപ്പെടുത്തുവാൻ NIC യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെയായിരിക്കും ഈ തുകയും ലയിപ്പിക്കുക.

6. ഓരോ ഓഫീസിലെ സ്റ്റാമ്പ് അക്കൌണ്ട് ആവശ്യാനുസരണം മുൻകൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നുള്ള ഉത്തരവിൻ പ്രകാരം സർവ്വീസ് ചാർജ്ജ് അക്കൌണ്ടിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് ഓരോ ഓഫീസിലെയും സ്റ്റാമ്പ് അക്കൗണ്ട് ആവശ്യാനുസരണം മുൻകൂട്ടി കരുതേണ്ടതും ആയതു തീരുന്നതിനു വളരെ മുൻപ് തന്നെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ

അറിയിച്ച സ്റ്റാമ്പ് അക്കൗണ്ട് സ്ഥിരതയുള്ളതായി ആയി നിലനിർത്തേണ്ടതുമാണ്. സ്റ്റാമ്പ് അക്കൗണ്ടിലെ ലഭ്യതക്കുറവ് മൂലം അപേക്ഷകർക്ക് സേവന തടസ്സം ഉണ്ടാകാതെ നോക്കേണ്ടത് ഓഫീസ് മേധാവിയുടെ ചുമതലയായിരിക്കും.

2008 ന ശേഷം ഈ വകുപ്പിൽ നിന്ന് പറപ്പെടുവിച്ചിട്ടുള്ള പല നിർദ്ദേശങ്ങളിലും, സർക്കുലർ 27/ 2008 ന ആനുപാതികമായി, രേഖകൾ തിരികെ അയക്കാനായി സ്റ്റാമ്പ് ഒട്ടിച്ച കവർ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിലുള്ള എല്ലാ നിർദ്ദേശങ്ങളും മുകളിലെ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ പരിഷ്കരിച്ചിരിക്കുന്നു.

ഈ സർക്കുലറിൽ പ്രതിപാദിക്കുന്ന ചില നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി വാഹൻ-സാരഥി സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാനുണ്ട്. ആയതിനാൽ ഈ സർക്കുലർ 2021 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

21/12/20

എം.ആർ.അജിത് കുമാർ, ഐ.പി.എസ്
അഡീഷണൽഡി.ജി.പി & ട്രാൻസ്പോർട്ട് കമ്മീഷണർ